## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 1014 29.09.2011- ൽ മറുപടിക്ക്

### വെള്ളപ്പൊക്കക്കെടുതിയിൽ തകർന്നു പോയ റോഡുകളുടെ നവീകരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പി. തിലോത്തമൻ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. റവന്യൂ വകുപ്പു മന്ത്രി) |
| (എ) | വെള്ളപ്പൊക്കക്കെടുതികളിൽപ്പെട്ട് തകർന്നുപോയ റോഡുകൾ പുനരുദ്ധരിക്കുന്നതിന് പ്രളയ ദുരിതാശ്വാസ ഫണ്ട് വിനിയോഗിച്ച് എത്ര റോഡുകൾ പുനരുദ്ധരിച്ചു എന്ന് വ്യക്തമാക്കാമോ; | | (എ)യും (ബി)യും<br><br>പ്രകൃതി ദുരന്തംമൂലം റോഡുകൾക്ക് പുനരുദ്ധാരണം അനിവാര്യമായി വരുന്ന ഘട്ടത്തിൽ പുനരുദ്ധാരണ പ്രവൃത്തികൾക്ക് നിലവിലുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി ഭരണാനുമതി നൽകാറുണ്ട്. ഇത് പുനരുദ്ധാരണത്തിന്റെ അനിവാര്യതയുടെയും ഫണ്ടിന്റെ ലഭ്യതയുടെയും അടിസ്ഥാനത്തിലാണ് നൽകിവരുന്നത്. പ്രസ്തുത തുക അനുവദിക്കുന്നത് നിയോജകമണ്ഡലാടിസ്ഥാനത്തിലല്ല. ആയതിനാൽ നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമല്ല. |
| (ബി) | ഇപ്രകാരം റോഡുകൾ നവീകരിക്കുന്നതിന് ഓരോ മണ്ഡലത്തിലും എത്ര ലക്ഷം രൂപ വീതം അനുവദിച്ചു എന്ന് വിശദമാക്കാമോ; ഇനിയും ഈ സാമ്പത്തിക വർഷം ഓരോ മണ്ഡലത്തിലേയ്ക്ക് എത്ര ലക്ഷം രൂപയുടെ ജോലികൾക്കു കൂടി ഫണ്ട് നൽകും എന്ന് വ്യക്തമാക്കാമോ; | | |
| (സി) | പ്രളയക്കെടുതി നിവാരണ ഫണ്ട് വിനിയോഗിച്ച് പുനരുദ്ധാരണ ജോലികൾക്ക് ഫണ്ട് അനുവദിച്ച കേസുകളിൽ ഉത്തരവിറങ്ങി എത്ര കാലത്തിനുള്ളിൽ റോഡ് പണികൾ തീർക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്; | (സി) | പ്രളയക്കെടുതി നിവാരണ ഫണ്ട് വിനിയോഗിച്ച് പുനരുദ്ധാരണ ജോലികൾക്ക് ഫണ്ട് അനുവദിച്ച കേസുകളിൽ ഉത്തരവിറങ്ങി ഒരു വർഷത്തിനുള്ളിൽ റോഡ് പണികൾ തീർക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. |
| (ഡി) | 2011 ലെ ഉത്തരവിലൂടെ റോഡ് പുനരുദ്ധാരണ ജോലികൾക്ക് ഫണ്ട് അനുവദിച്ച് ഉത്തരവായ കേസ്സുകളിൽ ജോലി ആരംഭിച്ചിട്ടില്ല എന്ന കാരണത്താൽ ഉത്തരവ് റദ്ദ് ചെയ്തിട്ടുണ്ടോ; ഇത് പരിശോധിച്ച് പരിഹാരം നിർദ്ദേശിക്കാമോ? | (ഡി) | നിലവിൽ, പുനരുദ്ധാരണ ജോലികൾക്ക് ഭരണാനുമതി നൽകിയ തീയതി മുതൽ ഒരു വർഷത്തിനകം പണി പൂർത്തിയാക്കണമെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഭരണാനുമതി ലഭിച്ച് ഒരു വർഷം കഴിഞ്ഞിട്ടും പണി പൂർത്തിയാക്കാത്തതും 24.05.2011 ന് മുമ്പ് ജോലി ആരംഭിച്ചിട്ടില്ലാത്തതുമായ പ്രവൃത്തികളുടെ കാലാവധി ദീർഘിപ്പിക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ